മെട്രോ വാർത്ത

13 October 2023

# വിത്ത് വിൽക്കാനല്ല, തലമുറകൾക്ക് കൈമാറാനുള്ള നന്മ: ചെറുവയൽ രാമൻ

കൊച്ചി: വിത്തുകൾ വിൽക്കാനുള്ളതല്ല, തലമുറകൾക്ക് കൈമാറാനുള്ള നന്മയാണെന്നു പദ്മശ്രീ പുരസ്കാര ജേതാവും കർഷകനുമായ ചെറുവയൽ രാമൻ. പതിനാറാമത്

അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിലെ കർഷക സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രകൃതിയുടെ വരദാനമാണു വിത്തുകൾ.

പരമ്പരാഗതയിനങ്ങൾ ഉൾപ്പെടെ 60 ഓളം നെൽവിത്തുകൾ സംരക്ഷിക്കുന്നുണ്ട്. ആവശ്യക്കാർക്കു സൗജന്യമായി കൈമാറും. എന്നാൽ പ്രകൃതിക്കിണങ്ങുന്ന കൃഷിരീതികളും ജൈവവൈവിധ്യങ്ങളും സംരക്ഷിക്കാൻ പുതുതലമുറ താൽപ്പര്യമെടുക്കുമോ എന്നതിൽ ആശങ്കയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പദ്മ പുരസ്കാര ജേതാക്കളായ ഉത്തർപ്രദേശിൽ നിന്നുള്ള സേത്പാൽ സിങ്, ചന്ദ്രശേഖർ സിങ്, ഒഡീഷയിൽ നിന്നുള്ള കുമാരി സബർമതി, ബട്ട കൃഷ്ണ സാഹു എന്നിവരും അനുഭവങ്ങൾ പങ്കുവെച്ചു. പദ്മജേതാക്കളായ കർഷകരെ സമ്മേളനം ആദരിച്ചു.

അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന്റെ ഭാഗമായുള്ള കർഷക സംഗമത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുന്നൂറോളം കർഷകർ ശാസ്ത്രജ്ഞരുമായി സംവദിച്ചു. ഉത്തർപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, ഒഡീഷ, മധ്യപ്രദേശ്, ത്രിപുര, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ, മേഘാലയ,മിസോറാം, നാഗാലാന്റ്, ഗോവ, കർണാടക, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരും സംഗമത്തിൽ പങ്കെടുത്തു.



*അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിൽ നടന്ന കർഷക സംഗമത്തിൽ പദ്മശ്രീ പുരസ്കാര ജേതാവും കർഷകനുമായ ചെറുവയൽ രാമനെ ആദരിക്കുന്നു*

മതിയായ വില ലഭിക്കുന്ന വിധത്തിൽ ഓരോ ഉൽപ്പന്നങ്ങൾക്കും വിപണി ഉറപ്പുവരുത്തണമെന്നു കർഷകർ ആവശ്യപ്പെട്ടു. റാണി ലക്ഷ്മിഭായി കേന്ദ്രകാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ എ. കെ. സിങ്, തമിഴ്നാട് കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. വി. ഗീതലക്ഷ്മി എന്നിവർ സംവാദം നിയന്ത്രിച്ചു.

നാഷണൽ അക്കാദമിക ഒഫ് അഗ്രികൾച്ചറൽ സയൻസസ് (നാസ്) സംഘടിപ്പിക്കുന്ന കോൺഗ്രസിന് ആതിഥ്യം വഹിക്കുന്നത് സിഎംഎഫ്ആർഐ യാണ്.